# ഇന്ത്യയും ബംഗ്ലാദേശും മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കുന്നു

ഡിസംബർ 09, 2025

അശ്രദ്ധമായി അന്താരാഷ്ട്ര സമുദ്ര അതിർത്തി ലംഘിച്ചതിന് ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ ബംഗ്ലാദേശ് അധികൃതർ അടുത്തിടെ അറസ്റ്റ് ചെയ്തിരുന്നു. ബംഗ്ലാദേശ് മത്സ്യത്തൊഴിലാളികളെയും ഇന്ത്യൻ അധികൃതർ സമാനമായ രീതിയിൽ അറസ്റ്റ് ചെയ്തിരുന്നു.

2. 47 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെയും 38 ബംഗ്ലാദേശ് മത്സ്യത്തൊഴിലാളികളെയും അവരുടെ ബോട്ടുകളും മോചിപ്പിച്ച് സ്വദേശത്തേക്ക് തിരിച്ചയക്കുന്ന പ്രക്രിയ ഇന്ന് (ഡിസംബർ 9, 2025) ഇരു ഗവൺമെന്റുകളും വിജയകരമായി പൂർത്തിയാക്കി. 2025 ജനുവരിയിൽ, 95 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ ഇന്ത്യാ ഗവൺമെന്റ് സൗകര്യമൊരുക്കിയിരുന്നു, കൂടാതെ പരസ്പര സഹകരണത്തോടെ 90 ബംഗ്ലാദേശി മത്സ്യത്തൊഴിലാളികളെ വിട്ടയച്ചു.

3. ഇരു രാജ്യങ്ങളിലെയും മത്സ്യത്തൊഴിലാളി വിഭാഗക്കാരുടെ സുരക്ഷ, ക്ഷേമം, ഉപജീവനമാർഗ്ഗ ആവശ്യങ്ങൾ എന്നിവ പരിഗണിച്ചാണ് അവരെയും അവരുടെ ബോട്ടുകളെയും കൈമാറുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തത്.

4. ഇന്ത്യൻ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ, ഭദ്രത, ക്ഷേമം എന്നിവയ്ക്ക് ഇന്ത്യാ ഗവൺമെന്റ് കൂടുതൽ പ്രാധാന്യം നൽകുന്നു. ഇതിനായി, ബംഗ്ലാദേശിന്റെ കസ്റ്റഡിയിലുള്ള നമ്മുടെ മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ ഗവൺമെന്റ് നിരന്തരം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

ന്യൂഡൽഹി

ഡിസംബർ 09, 2025